## സി. ബദറുദ്ദീൻ സാഹിബ്



**ഒറ്റപ്പാലത്തെ** ആദ്യകാല ഇസ്‌ലാമിക പ്രവർത്തകനായിരുന്നു സി. ബദറുദ്ദീൻ സാഹിബ്(63). തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിന്റെ ഭാഗമായി രൂപവത്കരിച്ച ഒറ്റപ്പാലം ജനകീയ വികസന മുന്നണിയുടെ ചെയർമാനായിരുന്നു. ഇസ്‌ലാമിക് സർവീസ് ട്രസ്റ്റ് അംഗം, ഒറ്റപ്പാലം ടൗൺ ഹൽഖ നാസിം എന്നീ നിലകളിൽ പ്രവർത്തിച്ചു കൊണ്ടിരിക്കെയാണ് മരണം. മുപ്പത് വർഷത്തോളം യു.എ.ഇയിലെ ദേര ദുബൈയിൽ ജോലി ചെയ്തു. അക്കാലത്ത് ഇസ്‌ലാമിക് കൾചറൽ സെന്ററിന്റെ സജീവ പ്രവർത്തകനായിരുന്നു. പരിചയപ്പെട്ട ആർക്കും അദ്ദേഹത്തിന്റെ ഹൃദ്യമായ ചിരിയും നർമം കലർന്ന സംഭാഷണവും മറക്കാനാവില്ല.

**വി.പി അബ്ദുർറഹീം ഒറ്റപ്പാലം**

## മർയം അബ്ദുല്ല



**എടക്കര** മേച്ചേരി അബ്ദുല്ലാ സാഹിബിന്റെ ഭാര്യയും ജമാഅത്തെ ഇസ്‌ലാമി കേരള ശൂറാംഗം ഡോ. അബ്ദുസ്സലാം വാണിയമ്പലത്തിന്റെ ഭാര്യാമാതാവുമായ മർയം അബ്ദുല്ല(53) ഡിസംബർ 19 ഞായറാഴ്ച പുലർച്ചെ അല്ലാഹുവിലേക്ക് യാത്രയായി. വനിതാ കാർകുൻ ഹൽഖ നാസിമത്തായിരുന്നു ദീർഘകാലം. എടക്കരയിൽ വനിതകൾക്കിടയിൽ പ്രസ്ഥാനത്തെ വളർത്തിയെടുക്കാൻ അക്ഷീണം യത്നിച്ച അവർ വിശ്രമമറിയാത്ത ഇസ്‌ലാമിക പ്രവർത്തകയായിരുന്നു. രോഗശയ്യയിലായപ്പോഴും മനസ്സു നിറയെ പ്രദേശത്തെ പ്രസ്ഥാന പ്രവർത്തനവും പള്ളിയും ഖുർആൻ പഠന ക്ലാസുമായിരുന്നു.

കുടുംബത്തിലെ എല്ലാ കാര്യങ്ങളും ചിട്ടയോടെ ചെയ്തുതീർത്ത് ഇസ്‌ലാമിക പ്രവർത്തനത്തിന് സമയം കണ്ടെത്തുന്നതിൽ മാതൃകയായിരുന്നു അവർ. പ്രസ്ഥാന പ്രവർത്തനം കുടുംബ ജീവിതത്തെയോ കുടുംബ ജീവിതം പ്രസ്ഥാന പ്രവർത്തനത്തെയോ ബാധിക്കാതെ രണ്ടും സന്തുലിതമായി മുന്നോട്ടു കൊണ്ടുപോകുന്നതിൽ അവർ വിജയിച്ചു.

കരുതിവെയ്പ്പില്ലാത്ത നിഷ്കളങ്ക സ്നേഹമായിരുന്നു അവരുടെ വ്യക്തിത്വത്തെ ശ്രദ്ധേയമാക്കിയത്. കുടുംബത്തിനും അയൽവാസികൾക്കും നാട്ടുകാർക്കും പ്രസ്ഥാന ബന്ധുക്കൾക്കുമൊക്കെ ആ വിയോഗം താങ്ങാനാവാത്തതും അതുകൊണ്ടു തന്നെ. പ്രയാസപ്പെടുന്നവർക്കൊക്കെയും സാന്ത്വനം നൽകാൻ എത്ര പ്രയാസം സഹിച്ചും ഓടി എത്തുമായിരുന്നു.

കുടുംബത്തെ ഇസ്‌ലാമിക ചിട്ടയിൽ വളർത്തുന്നതിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഭർത്താവും മക്കളും മരുമക്കളുമൊക്കെ ഇസ്‌ലാമിക പ്രവർത്തകരായതിൽ അവർക്ക് വലിയ ചാരിതാർഥ്യമുണ്ടായിരുന്നു.

**നാജിയബാനു എടക്കര**

## തേവർക്കാട്ടിൽ അബ്ദുല്ല



**തൃശൂർ** ജില്ലയിലെ വരന്തരപ്പിള്ളി സ്വദേശി തേവർക്കാട്ടിൽ അബ്ദുല്ല ഇസ്‌ലാമിക പ്രസ്ഥാനത്തിന് എക്കാലത്തും താങ്ങും തണലുമായിരുന്നു. ശാന്തപ്രകൃതനായിരുന്ന അദ്ദേഹം വളരെക്കാലമായി ആസ്തമാ രോഗം മൂലം പ്രയാസമനുഭവിച്ചിരുന്നെങ്കിലും ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ പരിപാടികളിൽ അനാരോഗ്യം വകവെക്കാതെ ആവേശപൂർവം പങ്കെടുക്കാറുണ്ടായിരുന്നു.

## കെ. ബീരാവുണ്ണി മാസ്റ്റർ



**ജമാഅത്തെ** ഇസ്‌ലാമിയുടെ ആദ്യകാല അംഗങ്ങളിലൊരാളായ കെ. ബീരാവുണ്ണി മാസ്റ്റർ (98) അല്ലാഹുവിങ്കലേക്ക് യാത്രയായി. 1943–44 കാലത്ത് ഇരിമ്പിളിയം നോർത്ത് ജുമുഅത്ത് പള്ളിയിലെ ഖത്വീബ് കേരള ജമാഅത്തെ ഇസ്‌ലാമിയുടെ പ്രഥമ അമീർ വി.പി മുഹമ്മദലി ഹാജി ആയിരുന്നു. ആ ഖുത്ബകളിൽ ആകൃഷ്ടരായവരുടെ കൂട്ടത്തിൽ ഒരാളായിരുന്നു ബീരാവുണ്ണി മാസ്റ്റർ. ശാന്തപ്രകൃതക്കാരനും കാര്യങ്ങളിൽ അടുക്കും ചിട്ടയും പുലർത്തിയിരുന്ന ആളുമായിരുന്നു. ഉള്ളതിൽ തൃപ്തിപ്പെട്ട് ഉള്ളതുകൊണ്ട് കാര്യം നിർവഹിക്കുക എന്ന സ്വഭാവ ശീലം എപ്പോഴും പുലർത്തിപ്പോന്നു.

നീലഗിരി, ഗൂഡല്ലൂർ, ഇരിമ്പിളിയം യു.പി സ്കൂൾ എന്നിവിടങ്ങളിൽ അധ്യാപകനായിരുന്ന അദ്ദേഹം വലിയൊരു ശിഷ്യ സമ്പത്തിന്റെ ഉടമയായിരുന്നു. വെക്കേഷൻ കാലവും സ്കൂൾ ഒഴിവു ദിനങ്ങളും ജമാഅത്ത് പ്രവർത്തകർക്ക് സന്തോഷത്തിന്റെയും ആവേശത്തിന്റെയും അവസരങ്ങളായിരുന്നു. സ്ക്വാഡ് വർക്കുകളും സാഹിത്യ പ്രചാരണവും ആസൂത്രണം ചെയ്തിരുന്നത് ആ അവസരങ്ങളിലായിരുന്നു. ഗൂഡല്ലൂർ, പട്ടിത്തറ, തൃത്താല എന്നിവിടങ്ങളിലേക്ക് നിരന്തരം സ്ക്വാഡ് പോകുമ്പോൾ അത്യുത്സാഹത്തോടെ അദ്ദേഹം മുൻപന്തിയിലുണ്ടായിരിക്കും. ആരോടും ഇമ്പമാർന്ന ശൈലിയിലാണ് സംസാരിക്കുക.

വളാഞ്ചേരിയിൽ ഹാജി സാഹിബ് നടത്തിവരാറുണ്ടായിരുന്ന 'ജമാഅത്തുൽ മുസ്തർശിദീനി'ന്റെ സ്റ്റഡി ക്ലാസ്സുകളിൽ പങ്കെടുത്ത് രാത്രി പത്തു-പതിനൊന്നു മണിയോടെ ആയിരിക്കും കൂട്ടുകാരൊത്ത് തിരിച്ചുവരവ്. അഞ്ചോളം കിലോമീറ്ററുള്ള വളാഞ്ചേരിയിലേക്ക് നടക്കുകയല്ലാതെ മറ്റു ഗത്യന്തരമൊന്നും അക്കാലത്ത് ഉണ്ടായിരുന്നില്ല.

**ഷംസുദ്ദീൻ ഇരിമ്പിളിയം**

*പരേതരെ മഗ്ഫിറത്തും മർഹമത്തും നൽകി*
*അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ - ആമീൻ.*